# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 819 27/04/2017-ൽ മറുപടിയ്ക്ക്

## അടച്ചുപൂട്ടിയ ബിവറേജസ് ഔട്ട് ലെറ്റുകൾ

**ചോദ്യം**

ശ്രീ.ബി.സത്യൻ

**ഉത്തരം**

ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി)

(എ) സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ ബിവറേജസ് ഔട്ട് ലെറ്റുകൾ എത്ര എന്നും ഇതിൽ പ്രവർത്തനം പുനരാരംഭിക്കാൻകഴിഞ്ഞവ എത്ര എന്നും വെളിപ്പെടുത്താമോ;

(എ) സുപ്രീം കോടതി ഉത്തരവു പ്രകാരം പാതോയോരത്തു പ്രവർത്തിച്ചിരുന്ന 179 ബിവറേജസ് ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. അതിൽ 55 എണ്ണത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നിലവിലെ അബ്കാരി ആക്ട് പ്രകാരം പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുമ്പോൾ പാലിക്കപ്പെടേണ്ട നിബന്ധനകൾ എന്തെല്ലാം;

(ബി) നിലവിലെ അബ്കാരി നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഷോപ്പുകൾ സ്ഥാപിക്കുമ്പോൾ വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, ശ്മശാനം എന്നിവയിൽ നിന്നും 200 മീറ്റർ അകലം പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ D&O ലൈസൻസ് നേടേണ്ടതുണ്ട്.

(സി) ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് അബ്കാരി ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതു കൊണ്ടാണോ വ്യാപക പ്രതിഷേധങ്ങളും, ജനകീയ പ്രക്ഷോഭങ്ങളും ഉയർന്നുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിച്ച മാത്രമാണ് ബിവറേജസ് ഔട്ട് ലറ്റുകൾ മാറ്റിസ്ഥാപിക്കുന്നത്.

(ഡി) ആരാധനാലയങ്ങൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവയ്ക്കു സമീപം ഔട്ട് ലെറ്റുകൾ സ്ഥാപിക്കുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാം; ഇതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ആരാധനാലയങ്ങളിൽ നിന്നും 200 മീറ്റർ മാറിമാത്രമെ ഔട്ട് ലറ്റുകൾ സ്ഥാപിക്കാവൂ. എന്നാൽ ജനവാസകേന്ദ്രങ്ങളിൽ നിന്നുള്ള ദൂരപരിധി അബ്കാരി നിയമത്തിലും ചട്ടങ്ങളിലും പരാമർശിക്കുന്നില്ല. ഷോപ്പുകൾ മാറ്റിസ്ഥാപിക്കുമ്പോൾ അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടില്ല.

Sreedevi

സെക്ഷൻ ഓഫീസർ